# Athmaraksha.org

സ്വവർഗ്ഗഭോഗം, സ്വവർഗ്ഗവിവാഹം, ദുഷ്ട കൂട്ടുകെട്ടുകൾ

## ദുഷ്ടകൂട്ടുകെട്ടുകൾ




കർത്താവ് അരുളിച്ചെയ്യുന്നു: എൻ◌െറതല്ലാത്ത പദ്ധതികൾ നടപ്പിലാക്കുകയും എനിക്ക് അഹിതമായ സഖ്യം ഉണ്ടാക്കുകയും ചെയ്ത് പാപം കുന്നുകൂട്ടിയ അനുസരണമില്ലാത്ത സന്തതികൾക്കു ദുരിതം! (ഏശയ്യാ 30:1).

നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽ നിന്നാണൊഴുകുന്നത് (സുഭാഷിതങ്ങൾ 4:23).

നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക; അപ്പോൾ അവ സുരക്ഷിതമായിരിക്കും. വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്; തിൻമയിൽ കാലൂന്നുകയും അരുത് (സുഭാ 4:26-27).

ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുൻപ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക (സഭാപ്രസംഗകൻ 12:1).

നിന്റെ ഐശ്വര്യകാലത്തു ഞാൻ നിന്നോടു സംസാരിച്ചു; ഞാൻ അനുസരിക്കുകയില്ല എന്നു നീ പറഞ്ഞു. ചെറുപ്പം മുതലേ നീ എന്റെ വാക്കു കേട്ടില്ല (ജറെമിയാ 22:21).

എപ്പോഴും ദൈവഭക്തിയിൽ ഉറച്ചുനിൽക്കുക. തീർച്ചയായും നിനക്കൊരു ഭാവിയുണ്ട്; നിന്റെ പ്രതീക്ഷയ്ക്കു ഭംഗം നേരിടുകയില്ല (സുഭാഷിതങ്ങൾ 23:17-18).

യുവാവു തന്റെ മാർഗം എങ്ങനെ നിർമലമായി സൂക്ഷിക്കും? അങ്ങയുടെ വചനമനുസരിച്ചു വ്യാപരിച്ചുകൊണ്ട് (സങ്കീർത്തനങ്ങൾ 119:9).